**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6676** | **21-03-2023 - ൽ മറുപടിയ്ക്ക്**

**മുസിരിസ് പൈതൃക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മുസിരിസ് പൈതൃക പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വേണ്ടി വരികയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ നടപ്പാക്കാനായി അവശേഷിക്കുന്നതെന്നും അറിയിക്കാമോ; | (എ) | മുസിരിസ് പൈതൃക പദ്ധതി ഒരു തുടർ പദ്ധതിയാകയാൽ പദ്ധതി പ്രവൃത്തിയുടെ അതാത് സമയത്തുള്ള ആവശ്യകത മനസ്സിലാക്കി അനുമതി നൽകുകയാണ് ചെയ്തുവരുന്നത് . ഈ പദ്ധതിയുടെ ഘടകങ്ങൾക്ക് പല ഘട്ടത്തിൽ തുകകൾ അനുവദിച്ചിരുന്നു. ആയതിന്റെ കണക്കുകൾ പരിശോധിച്ചു വരുന്നു . പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയതും നടന്നു വരുന്നതും നടപ്പാക്കാൻ അവശേഷിക്കുന്നതുമായ ഘടകങ്ങളുടെ വിവരം **അനുബന്ധം - I** ആയി ചേർത്തിരിക്കുന്നു . |
| (ബി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (ബി) | പദ്ധതി ഘടകങ്ങളുടെ എസ്റ്റിമേറ്റ് സഹിതം വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച് അനുമതി ലഭ്യമാക്കുകയാണ് ചെയ്തു വരുന്നത് . |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ ഇതുവരെ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും എത്ര രൂപ ഇതിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഇനിയും നിർമ്മാണം ആരംഭിക്കാനുള്ളവ ഏതൊക്കെയെന്നും ഇവയുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ; | (സി) | മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും , നിർമ്മാണം ആരംഭിക്കാനുള്ളതും ആയ പദ്ധതിയുടെ വിശദാംശം **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു . |
| (ഡി) | നിർമ്മാണം പൂർത്തിയാക്കിയവ പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | മുസിരിസ് പൈതൃക പദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കിയതും പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തതുമായവ ചുവടെ ചേർക്കുന്നു.<br>1. പാലിയം കൊട്ടാരം<br>2. പാലിയം നാലുകെട്ട്<br>3. പറവൂർ സിനഗോഗ്<br>4. കേസരി ബാലകൃഷ്ണ പിള്ള മ്യൂസിയം<br>5. സഹോദരൻ അയ്യപ്പൻ മ്യൂസിയം<br>6. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് മ്യൂസിയം |

| | | | |
|---|---|---|---|
| | | | 7. പാലിയം കടമുറികൾ/ ഇന്റർപ്രട്ടേഷൻ സെന്റർ<br>8. കോട്ടപ്പുറം കോട്ട<br>9. മുസിരിസ് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ<br>10. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള-ISHCK<br>11. കോട്ടപ്പുറം വാട്ടർ ഫ്രണ്ട്, റെസ്റ്റോറന്റ് & കോട്ടപ്പുറം മാർക്കറ്റ്<br>12. പറവൂർ മാർക്കറ്റ് & വാട്ടർ ഫ്രണ്ട്<br>13. ബോട്ട് ജെട്ടികൾ.<br>14. ഗോതുരുത്ത് ചവിട്ടുനാടക പെർഫോമൻസ് സെന്റർ & മുസിരിസ് റെസ്റ്റോറന്റ്<br>15. ടോയ്‌ലറ്റ് ബ്ലോക്കുകൾ<br>16. കോട്ടപ്പുറം ചിൽഡ്രൻസ് പാർക്ക്<br>17. കോട്ടപ്പുറം മാർക്കറ്റ് ചാപ്പൽ<br>18. ബസ്സ്സ്റ്റാന്റ് ബിൽഡിംഗ്, കൊടുങ്ങല്ലൂർ<br>19. വിവിധ ആരാധനാലയങ്ങളുടെ അടിസ്ഥാന വികസന നിർമ്മാണ പ്രവൃത്തികൾ<br><br>ആലപ്പുഴ പൈതൃക പദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കിയതും പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തതുമായവ.<br><br>1. സൗക്കാർ മസ്ജിദ്<br><br>2. ലിയോ സ്കൂൾ<br><br>3.മക്കാം മസ്ജിദ് |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

## മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയതും നടന്നു വരുന്നതും നടപ്പാക്കാൻ അവശേഷിക്കുന്നതുമായ ഘടകങ്ങളുടെ വിവരം

### പൂർത്തീകരിച്ച പ്രവർത്തനം ആരംഭിച്ച പദ്ധതികൾ

1. **പാലിയം കൊട്ടാരം:** സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഒരു ചരിത്ര മ്യൂസിയമായി 2014 മുതൽ പ്രവർത്തിച്ചുവരുകയാണ്.
2. **പാലിയം നാലുകെട്ട്:** പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച 2014 മുതൽ നാലുകെട്ടിന്റെ ജീവിത ശൈലി വ്യക്തമാക്കുന്ന രീതിയിൽ ഒരു ലൈഫ് സ്റ്റൈൽ മ്യൂസിയം പ്രവർത്തിച്ചുവരുന്നു.
3. **പറവൂർ സിനഗോഗ്:**
   ജീർണ്ണാവസ്ഥയിലായിരുന്ന ജൂതപ്പള്ളിയെ തനതു ശൈലിയിൽ പുനരുദ്ധരിച്ച് ജൂത ചരിത്ര മ്യൂസിയമാക്കി സംരക്ഷിച്ചു പോരുന്നു.
4. **കേസരി ബാലകൃഷ്ണ പിള്ള മ്യൂസിയം:** പറവൂരിലെ അദ്ദേഹത്തിന്റെ ഭവനം സ്മാരകമായി പരിഗണിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി 2015 മുതൽ മ്യൂസിയമായി പ്രവർത്തിച്ചു വരുന്നു.
5. **സഹോദരൻ അയ്യപ്പൻ മ്യൂസിയം:** 2015 മുതൽ അദ്ദേഹത്തിന്റെ ഭവനം നവീകരിച്ച് മ്യൂസിയമായി പ്രവർത്തനം ആരംഭിച്ചു.
6. **മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് മ്യൂസിയം:**
   മുഹമ്മദ് അബ്ദുറഹ്മാന്റെ ജന്മഗൃഹം മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി മ്യൂസിയമാക്കി മാറ്റി.

7. **പാലിയം കടമുറികൾ/ ഇന്റർപ്രട്ടേഷൻ സെന്റർ:**
   ചേന്ദമംഗലത്ത് 10 കടമുറികൾ ചേർന്ന കെട്ടിടം മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുക്കുകയും 17 ലക്ഷം രൂപ ചെലവഴിച്ച് കടമുറികൾ മോടിപിടിപ്പിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തു. ഈ പ്രദേശത്തെ വിവിധ പരമ്പരാഗത കരകൗശല മേഖലയിൽ വിദഗ്ദരായവരുടെ കടകൾ പ്രവർത്തനം ആരംഭിച്ചു .

8. **കോട്ടപ്പുറം കോട്ട:**
2009 മുതൽ നടന്ന പുനരുദ്ധാരണ ഉത്ഖനന പ്രവർത്തനങ്ങളിൽ അവശേഷിക്കുന്ന ഭാഗങ്ങൾ ബലപ്പെടുത്തി സൈറ്റ് മ്യൂസിയമാക്കി മാറ്റാൻ മുസിരിസ് പൈതൃക പദ്ധതിക്ക് കഴിഞ്ഞു.

9. **മുസിരിസ് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ:**
മുസിരിസ് പൈതൃക പദ്ധതിയുടെ ആസ്ഥാനമായി നിലവിൽ പ്രവർത്തിക്കുന്നു. കൺവെൻഷൻ സെന്റർ ഓഡിറ്റോറിയവും ഉൾപ്പെടുന്നു .

10. **ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള**
സ്പൈസ് റൂട്ട് പദ്ധതികളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി രൂപംകൊണ്ട ഒരു സ്ഥാപനം ആണ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK). ഈ സ്ഥാപനം മുഖ്യമായും ഊന്നൽ നൽകിയിരിക്കുന്നത് തീരദേശ പൈതൃക പഠനത്തിനും ശാസ്ത്രീയ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്കുമാണ്.

11. **കോട്ടപ്പുറം വാട്ടർ ഫ്രണ്ട്, റെസ്റ്റോറന്റ് & കോട്ടപ്പുറം മാർക്കറ്റ്:**
പുരാതനമായ കോട്ടപ്പുറം ചന്തയും പരിസര പ്രദേശങ്ങളും മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുത്ത് സംരക്ഷിച്ചുപോരുന്നു. വിശാലമായ ഈ പൊതു ഇടത്തിൽ ആംഫി തിയേറ്റർ, റെസ്റ്റാറന്റ്, ഇരിപ്പിടങ്ങൾ, വേസ്റ്റ് ബിന്നുകൾ, കോട്ടപ്പുറം മാർക്കറ്റിലെയും ബോട്ട് ജെട്ടിയിലെയും ടോയ്‌ലറ്റ് ബ്ലോക്കുകൾ തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

12. **പറവൂർ മാർക്കറ്റ് & വാട്ടർ ഫ്രണ്ട്:** പദ്ധതിയുടെ ഭാഗമായി പറവൂർ മാർക്കറ്റിൽ പൈതൃക കവാടവും ഫിഷ് മാർക്കറ്റിന് മേൽക്കൂരയും വാട്ടർ ഫ്രണ്ടും നവീകരിച്ചു.

13. **ബോട്ട് ജെട്ടികൾ:** പറവൂർ മുതൽ മതിലകം വരെയുള്ള പൈതൃക പദ്ധതി പ്രദേശത്തിൽ പുതുതായി പണി പൂർത്തീകരിച്ച മതിലകം, അഴീക്കോട് മുനക്കൽ ബോട്ട് ജെട്ടികൾ ഉൾപ്പെടെയുള്ള 14 ബോട്ട് ജെട്ടികൾ മുസിരിസ് സ്പൈസ് ആന്റ് ഹെറിറ്റേജ് ബോട്ട് ടൂറിന്റെ ഭാഗമായി ഉപയോഗിച്ചുവരുന്നു.

14. **ഗോതുരുത്ത് ചവിട്ടുനാടക പെർഫോമൻസ് സെന്റർ & മുസിരിസ് റെസ്റ്റാറന്റ്:**
യുനസ്കോയുടെ പൈതൃക പട്ടികയിൽ ഇടംനേടിയ കലാരൂപമായ ചവിട്ടുനാടകത്തേയും കലാകാരന്മാരേയും പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സെന്റ് സെബാസ്റ്റ്യൻ പള്ളിക്ക് സമീപത്തായി പദ്ധതി നിർമ്മിച്ചു നൽകിയ ഓപ്പൺ സ്റ്റേജാണ് ഗോതുരുത്ത്

പെർഫോമൻസ് സെന്റർ. ഇതിനോടൊപ്പംതന്നെ ഒരു റെസ്റ്റോറന്റും ടോയ്‌ലറ്റ് ബ്ലോക്കും പ്രവർത്തിച്ചുവരുന്നു.

15. **ടോയ്‌ലറ്റ്ബ്ലോക്കുകൾ:** ടി.കെ.എസ് പുരം ശ്രീകൃഷ്ണ ക്ഷേത്രം, കോട്ടപ്പുറം മാർക്കറ്റ്, പറവൂർ മൂകാംബിക ക്ഷേത്രം, പറവൂർ ഗവ. ആശുപത്രി, കോട്ടപ്പുറം കോട്ട, കോട്ടപ്പുറം വാട്ടർ ഫ്രണ്ട് ഉൾപ്പെടെ പത്തു ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിച്ചു.
16. **കോട്ടപ്പുറം ചിൽഡ്രൻസ് പാർക്ക്:** കോട്ടപ്പുറം വാട്ടർഫ്രണ്ടിനോട് ചേർന്ന് കുട്ടികൾക്കായി വിവിധ കളി ഉപകരണങ്ങളോടുകൂടിയ ചിൽഡ്രൻസ് പാർക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുട്ടികൾക്കായി തുറന്നുകൊടുത്തു.
17. **കോട്ടപ്പുറം മാർക്കറ്റ് ചാപ്പൽ:** കോട്ടപ്പുറം മാർക്കറ്റിനോട് ചേർന്ന് നിലനിൽക്കുന്നതും ഒട്ടേറെ പരിവർത്തനങ്ങൾക്ക് വിധേയമായതുമായ മാർക്കറ്റ് ചാപ്പൽ മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുത്തുകൊണ്ട് തനതുശൈലിൽ പുനർനിർമ്മിച്ചു കൈമാറി.
18. **ബസ്സ്സ്റ്റാന്റ് ബിൽഡിംഗ്, കൊടുങ്ങല്ലൂർ:** മുസിരിസ് വിസിറ്റേഴ്സ് സെന്ററിനു സമീപമായി കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി ബസ് സ്റ്റാന്റിനായി കെട്ടിടം പണിതു കൈമാറി.
19. **വിവിധ ആരാധനാലയങ്ങളുടെ അടിസ്ഥാന വികസന നിർമ്മാണ പ്രവൃത്തികൾ:** കൊടുങ്ങല്ലൂർ മേഖലയിലെ പുരാതന ആരാധനാലയങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾക്കായി 2020 ഫെബ്രുവരിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കീഴ്ത്തളി ശിവക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം, പടാകുളം അയ്യപ്പക്ഷേത്രം, ശൃംഗപുരം ശിവക്ഷേത്രം, തൃക്കുലശേഖരപുരം ക്ഷേത്രം, തൃപ്പേക്കുളം ശിവക്ഷേത്രം, എസ്. എൻ. പുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തുടങ്ങിയ വിവിധ ആരാധനാലയങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾ പൂർത്തീകരിച്ച് കൈമാറി.

**വിസിറ്റേഴ്സ് സെന്റർ:** മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തേയ്ക്കുള്ള പ്രവേശന കവാടമായാണ് ഈ കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്

**<u>പൂർത്തീകരിച്ച പദ്ധതികൾ</u>**

1. **മതിലകം ബംഗ്ലാകടവ് :** കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 2020 ജനുവരിയിൽ പൂർത്തീകരിച്ചു.
2. **പാലിയം ഊട്ടുപുര:** ചേന്ദമംഗലത്ത് പാലിയം കൊട്ടാരത്തിന്റെ ഭാഗമായി നിലകൊള്ളുന്ന ഊട്ടുപുര, മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. **പി.എ. സയ്യിദ് മുഹമ്മദ് സ്മാരക കമ്മ്യൂണിറ്റി സെന്റർ:** പി.എ. സയ്യിദ് മുഹമ്മദിന്റെ സ്മരണയ്ക്കായി മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പുതിയ ബിൽഡിംഗ് ബ്ലോക്ക്, നിർമ്മാണം പൂർത്തീകരിച്ചു.

4. **കീഴ്ത്തളി ശിവക്ഷേത്രം:** മധ്യകാലഘട്ടത്തിലെ പ്രധാന ക്ഷേത്രമായ കീഴ്ത്തളി ക്ഷേത്രത്തിന്റെ മണ്ഡപത്തിന്റെ നിർമ്മാണം മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

5. **ചേരമാൻ പറമ്പ് ആക്റ്റിവിറ്റി സെന്റർ:** ഉത്ഖനനത്തിലൂടെ കിട്ടിയ പുരാവസ്തുക്കൾ പ്രദർശിപ്പിക്കാനും അനുബന്ധ പ്രവൃത്തികൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുവാനും വേണ്ടി മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചതാണ് ചേരമാൻ പറമ്പ് ആക്റ്റിവിറ്റി സെന്റർ.

**<u>പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

1. **മാള സിനഗോഗ് & ജൂത സെമിത്തേരി:** 2017 ഡിസംബറിൽ സംസ്ഥാന സർക്കാർ 1968 ലെ കേരള പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും ആക്റ്റ് പ്രകാരം ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു. മാള സിനഗോഗിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ 75.51 ലക്ഷം രൂപ ചെലവഴിച്ചു പദ്ധതി നടപ്പിലാക്കിവരുന്നു. സിനഗോഗിനായി കവാടം നിർമ്മിക്കുന്നതിനുവേണ്ടി 5 സെന്റ് സ്ഥലവും, കടമുറികളും മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുത്ത് പൊളിക്കുന്നതിനുള്ള പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. മാള ജൂത സെമിത്തേരി സംരക്ഷിക്കുന്നതിനുവേണ്ടി ചുറ്റുമതിൽ സ്ഥാപിച്ചു.

2. **മുസിരിസ് മുനക്കൽ ഡോൾഫിൻ ബീച്ച്, അഴീക്കോട് :** മുസിരിസ് എന്ന പൗരാണിക തുറമുഖത്തോളം പ്രാധാന്യം അർഹിക്കുന്ന ബീച്ച് മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപെടുത്തുകയും 5.69 കോടി രൂപ അനുവദിക്കുകയും ചെയ്തു. ബീച്ചിലെ നടപ്പാതയും കളിസ്ഥലങ്ങളും ഇരിപ്പിടങ്ങളും ഗാർഡനിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന വികസന നിർമ്മാണ പ്രവൃത്തികൾ നടന്നുവരുകയാണ്.

3. **കൊടുങ്ങല്ലൂർ ക്ഷേത്ര മ്യൂസിയം:** ക്ഷേത്രാചാരാനുഷ്ഠാനങ്ങൾ, കലാ രൂപങ്ങൾ എന്നിവ തനത് രീതിയിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടി 3.23 കോടി രൂപ ചെലവഴിച്ച് ക്ഷേത്രത്തിലെ

ഭണ്ഡാരപ്പുരയുടേയും ഊട്ടുപുര മാളികയുടേയും പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

4. **ചേരമാൻ മസ്ജിദ്:** 1.13 കോടി രൂപ ചെലവഴിച്ച് പള്ളിയുടെ പുനരുദ്ധാരണം പദ്ധതി ഏറ്റെടുത്ത് പൂർണ്ണമായും നടപ്പിലാക്കി. രണ്ടാം ഘട്ടമായി സർക്കാർ അനുവദിച്ച ഫണ്ടുപയോഗിച്ചുള്ള പള്ളിയുടെ ചുറ്റുമതിലിന്റെ നിർമ്മാണം 95% പൂർത്തിയായി.
5. **കനാൽ ഓഫീസ് :** കെട്ടിടത്തിന്റെയും അടിസ്ഥാനത്തിന്റെയും തൂണുകളുടേയും ബലക്ഷയം പരിഹരിച്ചുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ INKEL ന്റെ നേതൃത്വത്തിൽ 98% പൂർത്തീകരിച്ചു.
6. **പട്ടണം ഇന്റർപ്രട്ടേഷൻ സെന്റർ:** മുസിരിസിന്റെ ചരിത്രം അനാവരണം ചെയ്യപ്പെട്ട പട്ടണം ഉത്ഖനന പ്രദേശം ഏറ്റെടുത്ത് മ്യൂസിയമാക്കി മാറ്റാനുള്ള നിർമ്മാണ പ്രവൃത്തികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.
7. **പതിനെട്ടരയാളം കോവിലകം:** കെട്ടിടത്തെ മുസിരിസ് പൈതൃക പദ്ധതി ചരിത്ര സ്മാരകമായി സംരക്ഷിച്ചുകൊണ്ട് ഒരു കമ്മ്യൂണിറ്റി സെന്ററാക്കി മാറ്റുകയാണ്. നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
8. **അക്കൊമഡേഷൻ ബ്ലോക്ക്, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം:** 4500 Sq. Ft. വരുന്ന പുതിയ ബഹുനില കെട്ടിടമാണ് കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിനുവേണ്ടി മുസിരിസ് പൈതൃക പദ്ധതി നിർമ്മിച്ചു നൽകുന്ന അക്കൊമഡേഷൻ ബ്ലോക്ക്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 70% പൂർത്തീകരിച്ചു.
9. **ചേന്ദമംഗലം ഹോളിക്രോസ് ചർച്ച് :** പുരാതന ക്രൈസ്തവ ദേവാലയമായ ചേന്ദമംഗലം ഹോളിക്രോസ് പള്ളിയുടെ ഏറ്റെടുത്തിട്ടുള്ള പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ മുഴുവനായി പൂർത്തീകരിച്ചിട്ടുണ്ട്. പള്ളി ഇടവകയുടെ നേതൃത്വത്തിൽ നടന്നുവരുന്ന അൾത്താരയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്.
10. **വി. കെ. രാജൻ മുനിസിപ്പൽ ചിൽഡ്രൻസ് പാർക്ക്:** കൊടുങ്ങല്ലൂർ നഗരസഭയിൽനിന്ന് പ്രവർത്തനത്തിനായി ഏറ്റെടുത്തിട്ടുള്ള വി.കെ.രാജൻ ചിൽഡ്രൻസ് പാർക്കിൽ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കയാക്കിംങ് ഉൾപ്പടെയുള്ളവക്കായി ഫ്ളോട്ടിംങ് ബോട്ട് ജെട്ടിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് KSINC യുമായി കരാർ ഒപ്പിട്ടു.

11. **ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ പാർസനേജ് :** ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ പുരാതനമായ പള്ളിമേട മുസിരിസ് പൈതൃക പദ്ധതി ചവിട്ടുനാടക മ്യൂസിയമായി ഏറ്റെടുക്കുന്നതിനു പകരമായി നിർമ്മിക്കുന്ന പുതിയ പള്ളിമേട കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.
12. **ഐരാണിക്കുളം ക്ഷേത്രം:** പുരാതന ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുക്കുകയും 3.46 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തിട്ടുണ്ട്.

**പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത പദ്ധതികൾ**

1. **പി.കേശവദേവിന്റെ ഭവനം:** LARR 2013 ലെ ആക്റ്റ് പ്രകാരം മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി. 2020 ജൂലൈയിൽ 28.27 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻകെൽ മുഖേന ടെണ്ടർ ക്ഷണിച്ചപ്പോൾ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളായതിനാൽ ഏറ്റെടുക്കാൻ കരാറുകാർ ആരുംതന്നെ തയ്യാറായിട്ടില്ല. ആയതിനാൽ കൺസർവേഷൻ മേഖലയിൽ പ്രവർത്തിപരിചയമുള്ള മറ്റ് അംഗീകൃത സർക്കാർ ഏജൻസികളെ കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
2. **ജൂത ഭവനങ്ങൾ / കോട്ടയിൽ കോവിലകം, പറവൂർ:** ഒട്ടേറെ ജൂതഭവനങ്ങൾ നിലനിന്നിരുന്ന സ്ഥലങ്ങളാണ് കോട്ടയിൽ കോവിലകവും പറവൂരും. അവശേഷിക്കുന്ന രണ്ട് ജൂത ഭവനങ്ങളായ പറവൂർ ജൂതഭവനവും ചേന്ദമംഗലം ജൂതഭവനവും പദ്ധതി ഏറ്റെടുത്തു മ്യൂസിയമാക്കാനുള്ള ഭരണാനുമതി 2019 ൽ നൽകിയിട്ടുണ്ട്. ഇൻകെൽ മുഖേന ടെണ്ടർ ക്ഷണിച്ചപ്പോൾ പുനരുദ്ധാരണ നവീകരണ പ്രവർത്തികളായതിനാൽ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിട്ടില്ല. ആയതിനാൽ കൺസർവേഷൻ മേഖലയിൽ പ്രവർത്തിപരിചയമുള്ള മറ്റ് അംഗീകൃത സർക്കാർ ഏജൻസികളെ കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**നടപ്പിലാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ :**

1. Street Elevation
2. Beautification of Kodungallur Bypass
3. Iranikulam Mahadeva Temple
4. Signages
5. Bungalowkadavu - Landscaping
6. Christian Lifestyle Museum
7. St.Sebastian Chavittunatakam Museum
8. Holy Cross Church Interpretation Centre
9. Kesavadev's House
10. Jews House, Paravur
11. Jews House, Chendamangalam
12. Museum Refurbishment for Paliam Palace
13. Museum Refurbishment for Paliam Nalukettu
14. Museum Refurbishment for Paravur Synagogue
15. Museum Refurbishment for Chendamangalam Synagogue
16. Museum Refurbishment for Kesari Balakrishnan
17. Museum Refurbishment for Abdul Rahman Sahib
18. Museum Refurbishment for Sahodaran Ayyappan
19. Pattanam Site Museum
20. Kottappuram Archaeological Museum
21. Kodungallur Visitors Centre
22. Cheraman Islamic Museum

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

**മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും , നിർമ്മാണം ആരംഭിക്കാനുള്ളതും ആയ പദ്ധതികളുടെ വിശദാംശം**

**നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1. യാൺ മ്യൂസിയം (കയർഫെഡ് ബിൽഡിംഗ് )
2. മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി , (കയർ കോർപ്പറേഷൻ ബിൽഡിംഗ് )
3. ലിവിംഗ് കയർ മ്യൂസിയം/ ലേബർ മൂവ്മെന്റ് മ്യൂസിയം ( ന്യൂമോഡൽ കയർ സൊസൈറ്റി ബിൽഡിംഗ് )
4. പോർട്ട് മ്യൂസിയം ( പോർട്ട് ബിൽഡിംഗ് )
5. ആലപ്പുഴ കടൽപ്പാലം
6. കനാൽ സൈഡ് നവീകരണം
7. പോർട്ട് മ്യൂസിയത്തിലെ മിയാവാക്കി ഫോറസ്റ്റ്

**മ്യൂസിയങ്ങൾ**

**യാൺ മ്യൂസിയം**

കേരളത്തിലെ പ്രധാനപ്പെട്ട ജൈവ നൂലുൽപ്പാദനം, കയർ സൊസൈറ്റികളുടെ വിശദംശങ്ങൾ, കയറിന്റെ ചരിത്രവും കയർ സംബന്ധിയായുള്ള സാഹിത്യ കൃതികൾ എന്നിവയും വിശദീകരിക്കുന്ന ഗ്യാലറിയും ആക്ടിവിറ്റി സെന്ററും ഉൾക്കൊള്ളുന്ന കയർഫെഡ് കെട്ടിടത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന യാൺ മ്യൂസിയത്തിന്റെ 90 % വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്

**AS Amount**

1. Main block – 1,72,86,000 . 00 രൂപ
2. Shed B – 60 ,58,000.00 രൂപ
3. Shed along the road – 65,39,000.00 രൂപ
4. Rubber Matting Unit – 74,86,000.00 രൂപ
5. Storage Unit – 1,69,06,000 .00 രൂപ

Museum proposal for yarn museum – 2 ,17 ,73 ,924 .00 (KIIFB FUND ) രൂപ

## മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി

ആലപ്പുഴയിലെയും ലോകമെമ്പാടുമുള്ള കയർ വ്യവസായത്തിന്റെ വികാസ പരിണാമ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന മ്യൂസിയം കയർ കോർപ്പറേഷൻ ബിൽഡിംഗിലാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത് 75% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## AS Amount

1 , Shed A – 1,09,74,000.00 രൂപ

2 , Lorry shed – 20,90,000.00 രൂപ

3 , Godown B – 1,31,12,000.00 രൂപ

4 , Shed –D–1,80,97,000 .00 രൂപ

5 , Entrance Shop Building– 74,00,000 .00 രൂപ

6, Renovation of bungalow – 1 ,53,92,000.0 രൂപ

7 , Repair and maintenance of shed B & Canteen Block –3,29,87,000.00 രൂപ

( proposed factory outlet building )

## ലിവിംഗ് കയർ മ്യൂസിയം / മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്

ബോംബെ കമ്പനി മുമ്പ് പ്രവർത്തിച്ചിരുന്ന ന്യൂമോഡൽ കോ – ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കെട്ടിട സമുച്ചയത്തെ നവീകരിച്ച് ലിവിംഗ് കയർ മ്യൂസിയവും അതോടൊപ്പം ലേബർ മൂവ്മെന്റ് മ്യൂസിയവും സജ്ജമാവുകയാണ് . ട്രേഡ് യൂണിയനുകളുടെ രൂപീകരണവും ആവിർഭാവവും വളർച്ചയും , പുന്നപ്ര വയലാർ സമരം തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് വിവിധ ഗ്യാലറികൾ , ആർക്കൈവൽ രേഖകൾ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിൽ സംരക്ഷണം നൽകി മ്യൂസിയത്തെ കയർ ചരിത്രത്തെ സംബന്ധിച്ച ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നു . മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.

The living coir factory (new modal coir factory AS Amount

- Courtyard Building– 1,36,29,503.10 രൂപ

- Stencil unit– 32,52,745. 05 രൂപ
- Shed 2– 1,13,93,914. 68 രൂപ
- Chemical storage– 1,02,34,483 .39 രൂപ
- Entrance & Ticketing– 3,18,00,000. 00 രൂപ
- Shed 1 / Life of a coir worker– 73,31,000. 00 രൂപ
- press house & Tea stall– 1,25,94,000. 00 രൂപ
- Shed 6/ 100 yr .old factory – 98,95,000. 00 രൂപ
- Living factory gallery 1/ shed 4–89,02,000. 00 രൂപ
- Living factory Gallery 2 / shed 5 – 96,79,000 . 00 രൂപ
- Evolution Gallery / shed 3 – 92,88,000. 00 രൂപ
- pathways Gallery / shed 3 – 1,01,05,000. 00 രൂപ

**പോർട്ട് മ്യൂസിയം**

ആലപ്പുഴ പഴയ പോർട്ട് ഓഫീസ് സമുച്ചയത്തിലും അതിനോടനുബന്ധിച്ച് കിടക്കുന്ന 10 ഏക്കർ വരുന്ന ഭൂമിയിലുമായി പോർട്ട് മ്യൂസിയം പ്രവർത്തനം സജ്ജമാവുകയാണ്. ആലപ്പുഴ തുറമുഖത്തിന്റെ പശ്ചാത്തലവും ഉദയവും, പട്ടണത്തിന്റെ വളർച്ച , കേരളത്തിലെ നാൽപ്പതോളം വരുന്ന പുരാതന തുറമുഖ നഗരങ്ങളുടെ വിവരണവും , തുറമുഖ തൊഴിലാളികളും ട്രേഡ് യൂണിയൻ, ആലപ്പുഴയിലെ വ്യാപാരി സമൂഹം, പരമ്പരാഗത ജലഗതാഗത സംവിധാനം, തീരദേശ മൽസ്യ ബന്ധനം എന്നിവ ഉൾപ്പെടുന്നതാണ് ഗ്യാലറികൾ. മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**AS Amount**

പോർട്ട് മ്യൂസിയം – 4 ,63,89,698 .19 (KIIFB Fund )

## പൊതു ഇടം, കനാൽ സൈഡ് നവീകരണം

ആലപ്പുഴയുടെ കനാലുകൾ ചരിത്ര പ്രസിദ്ധമാണ്. തുറമുഖത്തിലേക്ക് മലഞ്ചരക്കുകൾ വന്നുപോകുന്ന സജീവ വിപണികൾ, കനാലുകൾ, പണ്ടകശാലകൾ തുടങ്ങിയവ നിർമ്മിച്ച് ആലപ്പുഴയെ ഒരു ലോകോത്തര വ്യാപാര കേന്ദ്രമാക്കി രാജാകേശവദാസ് മാറ്റിയിരുന്നു. ഇത്രയേറെ ചരിത്ര പ്രാധാന്യം അർഹിക്കുന്ന കനാലുകളുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി നടപ്പാതകൾ, ബോട്ട് ജെട്ടികൾ, സ്ട്രീറ്റ് ലൈറ്റുകൾ, തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കുന്ന പദ്ധതി സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

**AS Amount**

Cycle track Project – 28,09,46,775 .00

## സ്ട്രീറ്റ് എലവേഷൻ ഡവലപ്പ്മെന്റ്

ആലപ്പുഴ പട്ടണത്തിന്റെ ഗതകാല പ്രൗഢി വീണ്ടെടുക്കുന്നതിന് സ്ട്രീറ്റ് എലവേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## ആലപ്പുഴ ബീച്ചിൽ സ്ഥാപിച്ചിരുന്ന ഡി-കമ്മീഷൻ ചെയ്ത നേവിയുടെ പടക്കപ്പൽ

21 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ & പെയിന്റിംഗ് ലാൻഡ് സ്കേപ്പ് വർക്കിന് അനുമതി ആയിട്ടുണ്ട്.

## സൈനേജ് ഡവലപ്പ്മെന്റ്

ആലപ്പുഴയുടെ പൈതൃക പദ്ധതിയിലെ പ്രദേശങ്ങളും അവയുടെ പ്രാധാന്യവും ലൊക്കേഷനും വിവരിക്കുന്ന ബോർഡുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതി .പ്രവർത്തനം ആരംഭിച്ചിട്ടില്ല

**AS Amount**

canal side development– 28,09,46,775 .00

## സ്മാരകങ്ങൾ

1. മക്കാം മസ്ജിദ് (പണി പൂർത്തീകരിച്ചു )
2. സൗക്കാർ മസ്ജിദ് ( പണി പൂർത്തീകരിച്ചു )
3. ലിയോ സ്കൂൾ ( പണി പൂർത്തീകരിച്ചു )

**കടൽപ്പാലം**

ആലപ്പുഴ ബീച്ചിൽ സ്ഥിതി ചെയ്യുന്ന 150 വർഷം പഴക്കമുള്ള കാസ്റ്റ് അയണിലും തടിയിലുമായി നിർമ്മിച്ച കടൽപ്പാലം തുറമുഖ ചരിത്രത്തിന്റെ അവസാന അടയാളമാണ്. പൈതൃക പദ്ധതിയുടെ ഭാഗമായി 1826 -ൽ നിർമ്മിച്ച പാലത്തിന് സമീപത്തായി മറ്റൊരു കടൽപ്പാലം നിർമ്മിക്കുകയും ഇതിലൂടെ പട്ടണ ചരിത്രത്തിലേക്ക് തിരികെ നടക്കുവാനുള്ള വഴിക്കൂടിയാണ്. പദ്ധതിയുടെ ഭാഗമായി പുതിയ കടൽപാലത്തിന്റെ ടെണ്ടർ വിളിക്കുകയും, KVJ അസ്സോസിയേറ്റ് കമ്പനിയെ ടെണ്ടറിൽ തെരഞ്ഞെടുക്കുകയും, ടെണ്ടർ അനുമതിക്കായി ടെണ്ടർ Acceptance കമ്മിറ്റി മുൻപാകെ സമർപ്പിച്ചുവെങ്കിലും ഡിസൈൻ ബിൽഡ് മോഡൽ, ടെണ്ടറിനു പകരമായി ഡിസൈൻ ഭാഗം മാത്രം പ്രത്യേക ടെണ്ടർ വിളിച്ചത് അതിന്റെ അടിസ്ഥാനത്തിൽ ആണ് കൺസ്ട്രക്ഷനുവേണ്ടി പ്രത്യേകം ടെണ്ടർ വിളിക്കുന്നതിനാണ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്

**AS Amount** – 19,69,08,192 /-

**നിർമാണം ആരംഭിക്കാനുള്ളത്:**

- കനാൽ സൈഡ് ഡവലപ്പ്മെന്റ് – കനാൽ സൈഡ് ഡെവലപ്പ്മെന്റ് എസ്റ്റിമേറ്റിനു TS കമ്മറ്റിയുടെ അനുമതി ലഭ്യമാകേണ്ടതുണ്ട്.
- കടൽപ്പാലം – കടൽപ്പാലം ടെണ്ടറിൽ KVJ അസോസിയേറ്റ് കമ്പനി മാത്രമാണ് പങ്കെടുത്തത് . Tender acceptance committee യുടെ പരിശോധനയിൽ ഡിസൈൻ ബിൽഡ് രീതിയിൽ ആയതിനാൽ ടെണ്ടർ നിരക്ക് അംഗീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ